LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണം സംബന്ധിച്ച് 2000 മേയിൽ ഒരു രാജ്യാന്തര സെമിനാർ നടത്തുകയുണ്ടായോ;

(ബി) എങ്കിൽ പ്രസ്തുത സെമിനാറിൽ ആരെല്ലാം പങ്കെടുത്തു;

(സി) ആരെല്ലാം പ്രബന്ധങ്ങൾ അവതരിപ്പിച്ചു;

(ഡി) ഈ അന്താരാഷ്ട്ര സെമിനാറിനോടനുബന്ധിച്ച് പ്രിന്റിങ് ആന്റ് പബ്ലിസിറ്റി, ഫുഡ് ആന്റ് അക്കോമഡേഷൻ, കലാപരിപാടികൾ, റ്റി.എ., ഡി.എ., മറ്റിനങ്ങൾ എന്നിവ ഓരോന്നിനുംവേണ്ടി എന്തുതുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായി.

(ബി) വിദേശ പ്രതിനിധികൾ, ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലെ പ്രതിനിധികൾ സംസ്ഥാന ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, ജനകീയാസൂത്രണ സന്നദ്ധ സാങ്കേതിക സമിതി അംഗങ്ങൾ തുടങ്ങിയ 3034 പേർ പങ്കെടുത്തിട്ടുണ്ട്.

(സി) വിദേശ പ്രതിനിധികൾ ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലെ പ്രതിനിധികൾ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, ജനകീയാസൂത്രണ പ്രവർത്തകർ എന്നിവർ ഉൾപ്പെടെ 193 പേർ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ ആകെ സർക്കുലേറ്റ് ചെയ്തത് 287 ആണ്.

(ഡി) അന്താരാഷ്ട്ര സമ്മേളനത്തിലെ ഓരോ ഇനത്തിലും ചെലവായ തുകയുടെ താൽക്കാലിക കണക്ക് ചുവടെ നൽകുന്നു.

	ഇനം		ചെലവ് (രൂപ)
1.	അച്ചടിയും പ്രചാരണവും	-	30,25,450
2.	ഭക്ഷണവും താമസവും	-	12,77,445
3.	കലാപരിപാടികൾ	-	80,600
4.	യാത്രാച്ചെലവും ദിനബത്തയും	-	4,40,980
5.	മറ്റിനങ്ങൾ(വേദിയുടെ ചെലവ് ഉൾപ്പെടെ)	-	9,74,745

പദ്ധതിയിൽനിന്നും വകമാറ്റി ചെലവഴിച്ച തുക

25 (680)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പദ്ധതിക്കു വേണ്ടി ഉൾക്കൊള്ളിച്ച തുകയിൽനിന്ന് ഓരോ വർഷവും എന്തു തുകവീതം വകമാറ്റി ചെലവാക്കിയിട്ടുണ്ട്;

(ബി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും പദ്ധതിക്കുവേണ്ടി ഉൾക്കൊള്ളിച്ച എത്ര തുക വീതം ലാപ്സാവുകയോ, സറണ്ടർ ചെയ്യുകയോ ചെയ്തിട്ടുണ്ട്;

(സി) ഈ കാലയളവിൽ ഓരോ വർഷവും പദ്ധതി അടങ്കലിന് അനുമതി കിട്ടിയശേഷം എന്തുതുക വീതം വെട്ടിക്കുറച്ചിട്ടുണ്ട്;

(ഡി) ഇപ്രകാരം തുക വെട്ടിക്കുറയ്ക്കുവാനുള്ള കാരണമെന്താണ്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

വർഷം	പദ്ധതിക്കുവേണ്ടി ഉൾക്കൊള്ളിച്ച തുക	ചെലവായ തുക	സറണ്ടർ ചെയ്യുകയോ ലാപ്സാവുകയോ ചെയ്ത തുക
	(രൂപ കോടിയിൽ)		
1996-97	2200.00	2180.18	19.82
1997-98	2855.00	2867.63	12.63 അധികം ചെലവ്
1998-99	3100.00	3165.02	65.02 അധികം ചെലവ്
1999-2000	3250.00	അവസാന കണക്ക് എ.ജി.യിൽ നിന്നും ലഭിച്ചിട്ടില്ല.	

(സി)&(ഡി) വെട്ടിക്കുറച്ചിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങൾ

26 (681) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ഡൊമനിക് പ്രസന്റേഷൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്;

(ബി) ഇവയിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്നവ എത്ര വീതമുണ്ട്;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഗവൺമെന്റ് ഒട്ടാകെ എന്തു തുക നിക്ഷേപിച്ചിട്ടുണ്ട്;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്തുതുക നിക്ഷേപിച്ചിട്ടുണ്ട്;

(ഇ) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടാക്കിയിട്ടുള്ള ആകെ നഷ്ടവും ലാഭവും എത്ര വീതമാണ്;

LIBRARY ARCHIVES Kerala Legislative Assembly